ഹൈടെക് ബസ്സുകളുടെ സർവ്വീസുകൾ

112 [3121] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ കെ. എസ്. ആർ. ടി. സി. നിരത്തിലിറക്കിയിരുന്ന ബസ്സുകളെക്കാൾ എന്തെല്ലാം സവിശേഷതകളാണ് ഇപ്പോൾ നിരത്തിലിറക്കുന്ന ഹൈടെക് ബസ്സുകൾക്ക് ഉള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, ഓരോ വർഷവും ഓരോ കമ്പനിയിൽനിന്നും എത്ര പുതിയ ബസ്സ് ചേസിസ് വീതം വാങ്ങിയെന്നും ഇതിന് എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഓരോ കമ്പനിയിൽ നിന്നും വാങ്ങിയ ബസ് ചേസിസിന്റെ മോഡൽ, എൻജിൻ തുടങ്ങിയവയുടെ വിശദാംശങ്ങൾ നൽകാമോ; ഇവ മുമ്പ് വാങ്ങിയിരുന്ന ചേസിസിനേക്കാൾ ഏതെല്ലാം തരത്തിൽ വ്യത്യസ്തമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ നിരത്തിലിറക്കുന്ന ഹൈടെക് ബസ്സുകൾ, തടി ഉപയോഗിക്കാതെ പൂർണ്ണമായും മെറ്റൽ ബോഡിയിലാണ് നിർമ്മിക്കുന്നത്. പവർ സ്റ്റീയറിംഗ് സിസ്റ്റം, എമർജൻസി എക്സിറ്റ് കൂടാതെ രണ്ട് വാതിലുകൾ, കൂടുതൽ സുഖപ്രദമായ സീറ്റുകൾ, കൂടുതൽ ലഗേജ് സൗകര്യങ്ങൾ, കർട്ടന് പകരം നീക്കാവുന്ന ഗ്ലാസ് വിൻഡോസ് മുതലായവ ഇതിന്റെ ചില സവിശേഷതകളാണ്. ഹൈടെക് ഡീലക്സ് ബസ്സുകൾക്ക് 6 സസ്പെൻഷനുകളുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും ഓരോ കമ്പനികളിൽ നിന്നും പുതിയ ബസ് ചേസിസ് വാങ്ങിയതിന്റെ എണ്ണവും ചെലവായ തുകയും താഴെപ്പറയുംപ്രകാരമാണ്:

2001—2002

അശോക് ലൈലാന്റ് ചേസിസ്	. . 110 എണ്ണം
തുക	. . 7,33,07,786 രൂപ
റ്റാറ്റാ ചേസിസ്	. . 50 എണ്ണം
തുക	. . 3,33,11,484 രൂപ

LIBRARY ARCHIVES Kerala Legislative Assembly

2002—2003

അശോക് ലൈലാന്റ് ചേസിസ്	..	22 എണ്ണം
തുക	..	1,53,25,812 രൂപ
വോൾവോ ചേസിസ് ബോഡി സഹിതം	..	2 എണ്ണം
തുക	..	84,00,000 രൂപ
ടാറ്റാ 709 മിനി ബസ് ചേസിസ് ബോഡി സഹിതം	..	40 എണ്ണം
തുക	..	3,22,92,194 രൂപ

2003—2004

ലൈലാന്റ് ചേസിസ്	..	378 എണ്ണം
തുക	..	5,66,87,299 രൂപ
	..	12,88,62,248 രൂപ
	..	8,78,87,043 രൂപ
ആകെ	..	27,34,,36,589 രൂപ
ടാറ്റാ ചേസിസ്	..	49 എണ്ണം
തുക	..	3,39,72,384 രൂപ
ലൈലാന്റ് സ്റ്റാഗ് മിനി ബസ് ചേസിസ് ബോഡി സഹിതം	..	25 എണ്ണം
തുക	..	2,00,25,000 രൂപ
ഐഷർ മിനി ബസ് ബോഡി സഹിതം	..	100 എണ്ണം
തുക	..	8,30,00,000 രൂപ

2004—2005	എണ്ണം		തുക
ലൈലാന്റ് ചേസിസ്	74	..	5,51,15,603
ടാറ്റാ ചേസിസ്	49	..	3,53,59,011
ലൈലാന്റ് സ്റ്റാഗ് മിനി ബസ്	25	..	2,00,25,000

LIBRARY ARCHIVES Kerala Legislative Assembly

(സി) മുൻപ് വാങ്ങിയിരുന്ന റ്റാറ്റാ ബസ് ചേസിസ് 205 ഇഞ്ച് വീൽ ബെയ്സ് ഉള്ളതും 150 എയർ ബ്രേക്ക് എൻജിൻ ഫിറ്റ് ചെയ്തിട്ടുള്ളവയുമായിരുന്നു. ഇപ്പോൾ വാങ്ങുന്ന റ്റാറ്റാ ബസ് ചേസിസുകൾക്ക് 232 ഇഞ്ച് വീൽ ബെയ്സും ടർബോ ചാർജ് ഉള്ള ഫ്യൂവൽ എഫിഷ്യൻസി കിട്ടുന്നതായ 'കുമിൻസ്' എഞ്ചിൻ ഘടിപ്പിച്ചിട്ടുള്ളതും ജി.ബി.എസ്. 40 ഗിയർ ബോക്സ്, ഇന്റഗ്രൽ പവർ സ്റ്റിയറിംഗ് സിസ്റ്റം തുടങ്ങിയ ആധുനികമായ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളവയുമാണ്.

മുൻപ് വാങ്ങിയിരുന്ന ലൈലാന്റ് ബസ് ചേസിസുകൾ 210 ഇഞ്ച് വീൽ ബെയ്സുള്ള ലൈലാന്റ് ചീറ്റാ മോഡലും, 5 സ്പീഡ് കോൺസ്റ്റാന്റ്മെഷ് ഗിയർ ബോക്സ് ഫിറ്റ് ചെയ്തിട്ടുള്ളതും ആകുന്നു.

ഇപ്പോൾ വാങ്ങുന്ന ലൈലാന്റ് ചേസിസുകൾ 229 ഇഞ്ച് വീൽ ബെയ്സ് വേക്കിംഗ് ആകുന്നു. ഇവയിൽ ഹെവി ഡ്യൂട്ടി സിങ്ക്രോമെഷ് ഗിയർ ബോക്സ് ഫിറ്റ് ചെയ്തിട്ടുണ്ട്. ഇന്റഗ്രൽ പവർ സ്റ്റിയറിംഗ് ഘടിപ്പിച്ചിട്ടുള്ളവയുമാകുന്നു.

കമ്പ്യൂട്ടറൈസ്ഡ് ടിക്കറ്റ് മെഷീൻ സംവിധാനം

113 [3122] ശ്രീ. ജോണി നെല്ലൂർ:

,, ഷിബു ബേബിജോൺ:

,, കെ.ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഏർപ്പെടുത്തിയ കമ്പ്യൂട്ടറൈസ്ഡ് ടിക്കറ്റ് മെഷീൻ സംവിധാനം എല്ലാ സ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ സംവിധാനം സംസ്ഥാനത്ത് മുഴുവൻ നടപ്പിൽ വരുത്തുവാൻ എന്ത് കാലതാമസം ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ ഡിപ്പോകളിലും ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ ഘട്ടംഘട്ടമായി ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) തിരുവനന്തപുരം സിറ്റി, വികാസ് ഭവൻ, പേരൂർക്കട, പാപ്പനംകോട്, കൊട്ടാരക്കര, കൊല്ലം, കുമളി, തൃശ്ശൂർ, ഗുരുവായൂർ, കോഴിക്കോട് എന്നീ 10 ഡിപ്പോകളിൽ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ ഏർപ്പെടുത്തിക്കഴിഞ്ഞു. വെള്ളനാട്, അടൂർ, പത്തനംതിട്ട, ചെങ്ങന്നൂർ, കോട്ടയം, പൊൻകുന്നം, എറണാകുളം എന്നീ 7 ഡിപ്പോകളിൽ ഉടൻതന്നെ ടിക്കറ്റിംഗ് മെഷീൻ നടപ്പിലാക്കുന്നതാണ്. ഒരു വർഷത്തിനുള്ളിൽ എല്ലാ ഡിപ്പോകളിലും ഈ സംവിധാനം ഏർപ്പെടുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഒരുമിച്ച് ഇതു വിലയ്ക്കുവാങ്ങാൻ കഴിയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly